SUNDAY 17/11/2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/11/2024

1. സംസ്ഥാനത്തെ കർഷക കുടുംബങ്ങളുടെ നിലവിലുള്ള സാഹചര്യം പഠിക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും സംയുക്തമായി സർവ്വേ നടത്തുന്നു. നവംബർ മാസത്തിൽ തുടങ്ങി രണ്ടു മാസകാലയളവിനുള്ളിൽ സർവ്വേ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

2. ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിന് (ഐ.ഐ.എസ്.ആർ) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (എൻ.എ.ബി.എൽ) അന്താരാഷ്ട്ര നിലവാരമാനമായ ISO/IEC 17025:2017 അംഗീകാരം. സുഗന്ധവ്യഞ്ജനങ്ങളും ജൈവവളങ്ങളും പരിശോധിക്കുന്ന ലബോറട്ടറികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതോടുകൂടി സുഗന്ധവ്യഞ്ജനങ്ങളുടെ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള പരിശോധനകൾക്കും വിശകലനത്തിനും ഇനി പൊതുജനങ്ങൾക്ക് ഐ.ഐ.എസ്.ആറിനെ സമീപിക്കാം. ജൈവവള പരിശോധന നടത്തുന്നതിനും സ്ഥാപനത്തിന് അംഗീകാരം ലഭിച്ചതുവഴി വിപണിയിൽ ലഭ്യമായ ജൈവ ഉപാധികളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും സഹായകമാകും.

### പരിശീലന പരിപാടി

3. പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ നവംബർ 19 നു ചിപ്പിക്കൂൺ കൃഷിയിലും നവമ്പർ 20 നു പോഷകത്തോട്ടം നിർമാണത്തിലും നവമ്പർ 21 നു അലങ്കാര മൽസ്യ കൃഷി പ്രജനനവും പരിപാലനവും എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 04962966041 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം നവംബർ 18 മുതൽ 22 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **9446976726** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ **'ശുദ്ധജല മത്സ്യകൃഷി'**(തിലാപ്പിയ,വരാൽ) എന്ന വിഷയത്തിൽ 28.11.24-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773എന്ന ഫോൺ നമ്പറിൽ 26.11.2024, ന് മുമ്പായി ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കരയിലെ ഫലവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽ വച്ച് **'ഡ്രാഗൺ ഫ്രൂട്ടിന്റെ വിള പരിപാലനം'** എന്ന വിഷയത്തിൽ നവംബർ മാസത്തിൽ (അവസാനത്തെ ആഴ്ച) രണ്ടുദിവസത്തെ പരിശീലന പരിപാടി നടത്തുന്നതാണ്. പങ്കെടുക്കുവാൻ താല്പര്യമുള്ള വ്യക്തികൾ 9605612478 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതും പരിശീലന ഫീസ് ആയ 2000 രൂപ ക്യു ആർ കോഡ് വഴി മാത്രം അടക്കേണ്ടതുമാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് ഒന്നാമത്തെ ബാച്ചിൽ പരിശീലനം നൽകുക. അപേക്ഷകരുടെ എണ്ണം കൂടുതൽ ഉണ്ടെങ്കിൽ കൂടുതൽ ബാച്ചുകൾ ആക്കി പരിശീലനം നൽകുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക്

കേരള കാർഷിക സർവകലാശാലയുടെ പരിശീലന സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഏതെങ്കിലും കാരണത്താൽ പരിശീലനത്തിൽ പങ്കെടുക്കുവാൻ സാധിച്ചില്ലെങ്കിൽ അവർക്ക് അടച്ച തുക തിരികെ നൽകുന്നതല്ല.

7. കണ്ണൂർ കക്കാട് റോഡിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നവംബർ 19, 20 തീയതികളിൽ രാവിലെ 10.15 മുതൽ വൈകീട്ട് 5.15 വരെ **ആട് വളർത്തലിൽ** പരിശീലന ക്ലാസ് നടത്തുന്നു. നവംബർ 18 ന് വൈകീട്ട് 4നകം പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497-2763473.

8. റബ്ബർകൃഷിമേഖലയിലെ സാധ്യതകളെക്കുറിച്ചും പ്രതിസന്ധികൾ തരണം ചെയ്യുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചും കർഷകരുമായി നേരിട്ട് ചർച്ച ചെയ്യുന്നതിനും കൂട്ടായ പരിശ്രമങ്ങളിലൂടെ പരിഹാരം കാണുന്നതിനുമായി വിവിധ ഇടങ്ങളിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിന കർഷയോഗങ്ങൾക്ക് തമിഴ്നാട്ടിലെ കുലശേഖരത്ത് നവംബർ 28-ന് തുടക്കം കുറിക്കും. ഇരിട്ടി (കേരളം), ബെൽത്തങ്ങാടി (കർണാടക), അഗർത്തല (ത്രിപുര), ഗുവാഹതി (അസം) എന്നിവിടങ്ങളിൽ യഥാക്രമം 2024 ഡിസംബർ 17, 19, 2025 ജനുവരി 07, 10 എന്നീ തീയതികളിലായിരിക്കും മറ്റ് യോഗങ്ങൾ നടക്കുക. ഇവയുടെ തുടർച്ചയായി കോട്ടയത്ത് നടത്തുന്ന കർഷകയോഗത്തിൽ റബ്ബർ ആക്ട് 1947-ന്റെ പ്ലാറ്റിനം ജൂബിലിയോഘോഷങ്ങൾക്ക് സമാപനമാകും. യോഗങ്ങളോടനുബന്ധിച്ച് വിദഗ്ധർ നയിക്കുന്ന ക്ലാസ്സുകളും തുറന്ന ചർച്ചകളും ഉണ്ടായിരിക്കും.